# Deepika

## 25 August 2018

## Varapuzha; Flood, Flood Relief

# ദിവസവും 13,000 പേർക്കു ഭക്ഷണം വിളമ്പി കൂനമ്മാവ് പള്ളി



കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിലെ ദുരിതാശ്വാസ ക്യാമ്പിലുള്ളവർക്കു ബിഷപ് ഡോ. അലക്സ് വടക്കുംതല അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നു. ഫാ. ഡിക്സൺ ഫെർണാണ്ടസ്, ഫാ. ഷിബു സേവ്യർ എന്നിവർ സമീപം.

**വരാപ്പുഴ:** പ്രളയ ദുരിതാശ്വാസത്തിൽ ആയിരങ്ങൾക്കു ഭക്ഷണം വിളമ്പിയും വിശ്രമിക്കാൻ വാതിലുകൾ തുറന്നും കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവക. ഇവിടെയും പുറത്തും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞ 13,000 പേർക്ക് എല്ലാ ദിവസവും ഭക്ഷണം നല്കി. ജാതിമത ഭേദമന്യേ പള്ളിയകവും മുറികളും മറ്റു സൗകര്യങ്ങളും എല്ലാവരും ഉപയോഗിച്ചതു സാഹോദര്യത്തിന്റെ കാഴ്ചകൂടിയായിരുന്നു.

ക്യാമ്പുകൾ നടന്ന കൊരങ്ങാർപള്ളി, പാനായിക്കുളം പള്ളികളിലേക്കും എസ്എൻഡിപി ഹാളിലേക്കും, മദ്രസ ഹാളിലേക്കും ഇവിടുന്നു ഭക്ഷണമെത്തിച്ചു. പല സ്ഥലങ്ങളിൽ നിന്നും ഭക്ഷണത്തിനും വസ്ത്രത്തിനും താമസത്തിനുമായി ആളുകൾ കൂനമ്മാവിൽ എത്തിയിരുന്നു.

കൂനമ്മാവ് പള്ളിയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കു വഞ്ചിയും വള്ളങ്ങളും അയച്ചു. വികാരി ഫാ. ഡിക്സൺ ഫെർണാണ്ടസിനൊപ്പം, ഫാ. അനിൽ, ഫാ. റോബിൻ, ഫാ. ഡിനോ ഒസിഡി വൈദികൻ ഫാ. ഷിബു സേവ്യർ എന്നിവരും സദാസമയം ജനങ്ങൾക്കു സഹായവുമായി കൂടെയുണ്ടായിരുന്നു. കർമലീത്ത, ക്ലരീഷ്യൻ സന്യാസിനിമാരും സഹായിക്കാനെത്തി.

ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ കൂടിയായ ഫാ. ഷിബുവിനൊപ്പം നിരവധി ജീസസ് യൂത്ത് പ്രവർത്തകരും ജസ്റ്റിൻ, ജയിംസ്, എബി, ജിൻസ് എന്നിവരും സേവന സന്നദ്ധരായി രംഗത്തുണ്ടായിരുന്നു. ലക്ഷക്കണക്കിനു രൂപയുടെ സഹായങ്ങളാണു വിവിധ തലങ്ങളിൽ പള്ളിയുടെ നേതൃത്വത്തിൽ വിതരണം ചെയ്തതെന്നു വികാരി അറിയിച്ചു.